# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2483 — 09/03/2018-ൽ മറുപടിയ്ക്ക്

### വിദേശ നിർമ്മിത മദ്യത്തിന്റെ വിൽപന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ. റ്റി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | വിദേശ നിർമ്മിത മദ്യം ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വിൽപനശാലകളിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 2018-19 ലെ ബഡ്ജറ്റിൽ നിർദ്ദേശമനുസരിച്ച് സർക്കാരിന്റെ ഇ-ടെന്റർ പോർട്ടൽ വഴി വിദേശത്ത് സ്വന്തം ഉടമസ്ഥതയിലുള്ള മദ്യം/വൈൻ (ബിയർ ഒഴികെ) ഉല്പാദകരിൽ നിന്നോഅല്ലെങ്കിൽ ഇൻഡ്യയിൽ കസ്റ്റംസ് ബോണ്ടഡ് വെയർഹൗസുള്ള അംഗീകൃത ഡീലർമാരിൽ നിന്നോ മദ്യവും വൈനും വിൽക്കുന്നതിനുള്ള രജിസ്ട്രേഷനായി 28.02.2018 ൽ ബിവറേജസ് കോർപ്പറേഷൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ട് . |
| (ബി) | വിദേശ നിർമ്മിത മദ്യത്തിനും വൈനിനും എത്ര ശതമാനമാണ് നികുതി ഈടാക്കുന്നത് എന്നറിയിക്കുമോ? | ബി) | 2018-19 ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശമനുസരിച്ച് വിദേശ നിർമ്മിത വിദേശമദ്യത്തിന് 78%വും വിദേശ നിർമ്മിത വൈനിന് 25%വുമായി വിൽപ്പന നികുതി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു പ്രൂഫ് ലിറ്ററിന് 87.70 രൂപ ക്രമത്തിൽ വിദേശ നിർമ്മിത വിദേശമദ്യത്തിനും ഒരു ബൾക്ക് ലിറ്ററിന് 1.25 രൂപ ക്രമത്തിൽ വിദേശനിർമ്മിത വൈനിനും പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ